ശ്രീ. ടി. ടി. കേശവൻശാസ്ത്രി: എന്തു സഹായമാണു നല്കിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്ഥലങ്ങളിൽ പമ്പിങ്ങ് സബ്സിഡി സൗകര്യങ്ങളും ചെയ്തു കൊടുത്തിട്ടുണ്ടു്. ഒരേക്കറിനു് ഏ പറ നെല്ലു കണക്കാക്കി കൃഷിയാവശ്യത്തിനു വിത്തും കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. പി. ഉദയഭാനു: ഈ വേലിയേറ്റത്തെപ്പറ്റി വളരെ മുൻകൂട്ടിയുള്ള അറിവു് ഹാർബർ അതോറിട്ടിസിനു് കിട്ടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞ ഒ ൦ വർഷങ്ങളായി ഈ മാതിരിയുള്ള വേലിയേറ്റം പെട്ടെന്നു ഉണ്ടായിട്ടില്ല.

ശ്രീ. എ. പി. ഉദയഭാനു:. ഹാർബർ അതോറിട്ടിസിനു് നേരത്തെ ഇതിനെപ്പറ്റിയുള്ള അറിവു് കിട്ടുകയില്ലേ എന്നാണു ഞാൻ ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി എനിക്കു് അറിവില്ല.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണിക്കർ: മടവീണ സ്ഥലങ്ങളിൽ വീണ്ടും കൃഷി ചെയ്യാതെ വിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സംബന്ധിച്ചുള്ള പ്രിവൻറീവ് മെഷേഴ്സിനെപ്പറ്റി എക്സ്പർട്ടുമായി ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംബന്ധിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടു്. ഈ മാതിരി സംഭവമുണ്ടാകാതിരിക്കാനാണു് വേമ്പനാട്ടു ഡാം കൊണ്ടുദ്ദേശിക്കുന്നതു്.

ഭക്ഷ്യധാന്യം

* ൭ ൩൨. (ഏ൩) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏ൯ ൫ ൦–ൽ എത്ര ടൺ ഭക്ഷ്യധാന്യം തിരുവിതാംകൂർ കൊച്ചിയിൽ ഇറക്കുമതി ചെയ്തു എന്നു പറയാമോ;

(ബി) ഏ൯ ൫ ഏ–ലേക്കു് എത്ര ടൺ ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദമുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨,൯൩,൩൦൦ ടൺ.

(ബി) ൩,൨൫,൦൦൦ ടൺ.

ഭക്ഷ്യവികസനപദ്ധതി

* ൭൭൪. (ഏ൪) ശ്രീ. വി. കെ. വല്ലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവികസന പദ്ധതിക്കു് ഏ൯൪൯, ഏ൯൫൦ ഈ വർഷങ്ങളിൽ ചിലവാക്കിയ തുക എത്ര;

(ബി) ഈ പദ്ധതിമൂലം ഏ൯൪൯, ഏ൯൫൦–ൽ കൂടുതലായി ഉണ്ടായ ഉല്പാദനം എത്ര?

LIBRARY ARCHIVES Kerala Legislative Assembly